Circular No: SBV04/2019-21

# സമസ്ത കേരള സുന്നി ബാലവേദി


(Under: **സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ**)

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 0494 2400530, 2400749

**website: www.sksbvstate.com, Email: sksbvstate@gmail.com**


---

*സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് ജംഇയ്യത്തുൽ മുഅല്ലിമീൻ, സുന്നി ബാലവേദി ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്.*

മാന്യരെ, അസ്സലാമു അലൈക്കും.

ക്ഷേമവും ഐശ്വര്യവും നേരുന്നു. നാഥൻ അനുഗ്രഹിക്കട്ടെ. നമ്മുടെ കർമങ്ങൾ സ്വീകരിക്കട്ടെ–ആമീൻ

പുതിയ ഒരു അധ്യയനവർഷംകൂടി നമ്മിലേക്ക് കടന്നുവന്നിരിക്കുന്നു. ചടുലവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിലൂടെ കർമരംഗത്ത് മുന്നേറണമെന്ന് ഓരോരുത്തരെയും സവിനയം ഓർമിപ്പിക്കുന്നു. മാതൃകാപരവും അനുകരണീയവുമായ ഒട്ടേറെ പദ്ധതികളുമായാണ് പോയവർഷങ്ങളിൽ നമ്മുടെ സംഘടന നിറഞ്ഞുനിന്നത്. പുതിയ അധ്യയനവർഷം ആരംഭത്തിൽ തന്നെ പുതിയ കൂട്ടുകാരെ സ്വീകരിക്കാനൊരുങ്ങുന്ന നമ്മൾ കൂടുതൽ ഉത്സാഹത്തോടെയും അതോടൊപ്പം ജാഗ്രതയോടെയും വേണം മുന്നോട്ടുപോവാൻ. അതിനാൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. **ലോക പരിസ്ഥിതി സംരക്ഷണ കാമ്പയിൻ (ജൂൺ 5 - ജൂലൈ 5)**

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് **'തണലൊരുക്കാം നല്ല നാളേക്കായി'** എന്ന പ്രമേയത്ത ആസ്പദമാക്കി പരിസ്ഥിതി സംരക്ഷണ കാമ്പയിൻ സംഘടിപ്പിക്കുക. കാമ്പയിന്റെ ഭാഗമായി ഇതന്റെ മരം, മഴ കുഴി നിർമാണം, പരിസ്ഥിതി ക്വിസ്, ജല സംരക്ഷണ സദസ്സ് തുടങ്ങിയ പരിപാടികൾ നടത്തുക.

2. **മിഹ്റജാനുൽ ബിദായ (പഠനാരംഭം)**

ബഹു. സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ മദ്റസാ പഠനാരംഭത്തിൽ നടത്തുന്ന മിഹ്റജാനുൽ ബിദായ (മദ്റസാ പഠനാരംഭ ദിനം) ഊർജ്ജിതമായി തന്നെ നടത്തേണ്ടതാണ്. മദ്റസയിലേക്ക് കടന്നുവരുന്ന പുതിയ കൂട്ടുകാരെ പ്രൗഢമായും നിറപ്പകിട്ടോടെയും ആവണം നാം സ്വീകരിക്കേണ്ടത്. കൊടി തോരണങ്ങൾ, ബലൂൺ മുതലായവ തൂക്കിയും മധുരപലഹാരങ്ങൾ നൽകിയും അവരുടെ ആദ്യദിനം അവിസ്മരണീയമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. സുന്നി ബാലവേദി കർമപദത്തിൽ 25 പൂർത്തിയാകുന്ന വർഷമാണ് ഈ അധ്യായന വർഷം എന്ന് ഓർമിപ്പികട്ടെ. മുഖപരിചയം (പരസ്പരം പരിചയപ്പെടൽ), അക്ഷരമുറ്റം (ഇസ്‌ലാമികമായ പാട്ടുകളും കഥകളും പറയൽ) എന്നിവ സംഘടിപ്പിക്കണം. സാധിക്കുമെങ്കിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ പാഠപുസ്തക–ബാഗ് വിതരണം നടത്തുക. (ഒരു യൂണിറ്റിൽ ഒരാൾക്കെങ്കിലും നൽകുക) എല്ലാ പരിപാടികളിലും ഉസ്താദുമാരുടെ സഹകരണം പൂർണമായും ഉറപ്പുവരുത്തി പഠനാരംഭ ദിനാഘോഷം മനോഹരമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ**

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

വാട്സ്ആപ്പ് : **9207000424**

ഇ-മെയിൽ: **sksbvstate@gmail.com**

എന്ന്

ജന. സെക്രട്ടറി (ഒപ്പ്)

15-05-2019 SKSBV സംസ്ഥാന കമ്മിറ്റി

NB: ഈ സർക്കുലർ ഫോട്ടോകോപ്പിയെടുത്ത് മദ്റസകളിലേക്ക് എത്തിക്കേണ്ടതാണ്.